# ടി.പത്മനാഭന്റെ കഥകൾ: പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ

**ഡോ. ദീപ ബി.എസ്.,**
അസി. പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

## 1.പരിസ്ഥിതിസൗന്ദര്യശാസ്ത്രം

ശാഖകളും ഉപശാഖകളുമായി വളർന്നുകൊണ്ടിരിയ്ക്കുന്ന ഒരു ബൃഹദ് ദാർശനികമേഖലയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ സ്വാധീനിക്കുന്ന ചില അടിസ്ഥാനസങ്കല്പങ്ങളാണ് ഭൗമസദാചാരം (Earth Ethics), സാകല്യത (Holism), ഹരിത ആത്മീയത (Green Spirituality) എന്നിവ. ആരാണീ ഭൂമിയുടെ അവകാശികൾ? മനുഷ്യർക്കു മാത്രമാണോ ഈ ഗ്രഹത്തിന്റെ അവകാശം? ഭൂമുഖത്തെ ജൈവവും അജൈവവുമായ ഇതര സത്തകൾക്കും അവരുടേതായ അവകാശികളില്ലേ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിയ്ക്കുകയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രചിന്തകർ ചെയ്യുന്നത്.

ഭൂമിയെ രക്ഷിക്കാനുള്ള പ്രണവമന്ത്രമല്ല പരിസ്ഥിതിദർശനം. ജീവന്റെ നിലനിൽപ്പിനുള്ള രജതരേഖയാണ്. ഭൂമിയെ ആരും രക്ഷിക്കേണ്ടതില്ല. പ്രകൃതി അതിന്റെ കാലത്തിലൂടെയുള്ള പ്രയാണം നിയന്ത്രിച്ചുകൊള്ളും. പ്രശ്നം മനുഷ്യരുടെയും സസ്യചരാചരങ്ങളുടെയും നിലനിൽപ്പിന്റേതാണ്. ആധുനിക പാരിസ്ഥിതിക പ്രതിസന്ധി നമ്മുടെ ജീവിതത്തെ പാരിസ്ഥിതികമായി മാത്രമല്ല, ആത്മീയമായും സാംസ്കാരികമായും വിഷമയമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യത്തിലും പരിസ്ഥിതി ഒരു ഭാവുകത്വം സൃഷ്ടിക്കുന്നത്.

സാഹിത്യത്തിൽ ആധുനികത എന്ന സിദ്ധാന്തം ചർച്ചകളാൽ മുഖരിതമാകുന്നത് 1969-ൽ ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' പുറത്തുവന്നതോടെയാണ്. ഇതോടൊപ്പം മലയാളകഥയിലും കവിതയിലും

നോവലിലും പരിസ്ഥിതി ശ്രദ്ധേയമായ പ്രമേയമായിമാറുന്നു. ഇന്നത്തെ പ്രമുഖ എഴുത്തുകാരുടെ സൃഷ്ടികളുടെ അന്തർധാരയായി പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം എന്ന പുതിയ അവബോധമുണ്ട്. എണ്ണത്തിലും ഗുണത്തിലും ഏറ്റവുമധികം പാരിസ്ഥിതിക കഥകളെഴുതിയ ടി. പത്മനാഭൻ, ഒ.വി. വിജയൻ, എസ്.വി. വേണുഗോപൻ നായർ, സി. രാധാകൃഷ്ണൻ, പി. സുരേന്ദ്രൻ, വൈശാഖൻ, അംബികാസുതൻ മങ്ങാട്, തുടങ്ങിയ ഒരു നീണ്ട നിര തന്നെയുണ്ട്. കാല്പനികശൈലി കൈവിടാതെ തന്നെ കഥയിൽ പരിസ്ഥിതിയുടെ പുതിയ ഹരിതാഭിമാനം സൃഷ്ടിച്ച കഥാകൃത്താണ് ടി. പത്മനാഭൻ. അദ്ദേഹത്തിന്റെ കഥകളിലെ പാരിസ്ഥിതിസൗന്ദര്യശാസ്ത്രം ചർച്ചചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ പ്രധാനമായും ശ്രമിക്കുന്നത്.

### ii) പാരിസ്ഥിതികസൗന്ദര്യശാസ്ത്രചിന്ത മലയാളത്തിൽ

മലയാളസാഹിത്യവിമർശനത്തിൽ പരിസ്ഥിതിസൗന്ദര്യശാസ്ത്രപരമായ ചിന്തകൾ ഏറെ കാണാനില്ല. കേസരിയുടെ 'സാഹിത്യസങ്കേതങ്ങളും സയൻസും', ഡോ. കെ. ഭാസ്കരൻ നായരുടെ ചില ലേഖനങ്ങൾ, എം. ഗോവിന്ദന്റെ 'കടലോരത്തിന്റെ കവിത', 'മീൻചൂരുള്ള എഴുത്ത്' എന്നീ ലേഖനങ്ങൾ ഇവയാണ് എടുത്തുപറയത്തക്കതായി ഉള്ളത്. ഇത് നമ്മുടെ വിമർശനത്തിന്റെ പോരായ്മയല്ല. അവരെഴുതിയ കാലത്ത് പാരിസ്ഥിതിക ഭാവങ്ങൾക്ക് കലയിൽ വേണ്ടത്ര പ്രാധാന്യമുണ്ടായിരുന്നില്ല. 1990-കളിലാണ് മലയാളത്തിൽ പരിഗണനീയമായ പാരിസ്ഥിതികസൗന്ദര്യശാസ്ത്രചിന്തയുണ്ടാകുന്നത്. പാരിസ്ഥിതികസൗന്ദര്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ടി. പത്മനാഭന്റെ കഥകളെ വിലയിരുത്താൻ ശ്രമിക്കുകയാണിവിടെ ചെയ്യുന്നത്. പാരിസ്ഥിതികസൗന്ദര്യശാസ്ത്രദർശനങ്ങൾ മലയാളസാഹിത്യത്തിൽ ചർച്ചചെയ്യപ്പെടുന്നതിന് മുൻപേതന്നെ ടി. പത്മനാഭന്റെ കഥകൾ പാരിസ്ഥിതികപ്രശ്നങ്ങൾ ചർച്ചചെയ്തു തുടങ്ങിക്കഴിഞ്ഞിരുന്നു.

### iii) മലയാളകഥയിലെ പച്ചപ്പ്:

പ്രകൃതിയുമായുള്ള പൊക്കിൾക്കൊടിബന്ധം നമുക്ക് ജൈവവും ആത്മീയവുമായ ആവശ്യമാണ്. ആധുനികകാലത്ത് അത് കേവലം ദൃശ്യബന്ധമായി ചുരുങ്ങിയെന്ന് കാണാം. സ്പർശത്തിലൂടെ, ഗന്ധത്തിലൂടെ, ശ്രദ്ധയിലൂടെ പ്രകൃതിയെ അറിയുമ്പോൾ പ്രകൃതി നമുക്ക് സാന്ത്വനമായിമാറുന്നു.

മലയാളകഥയിൽ നൂതനമായ പാരിസ്ഥിതിക അവബോധത്തിന്റെ നാന്ദി കുറിച്ചത് 1969-ലായിരുന്നു. അന്നത്തെ യുവതലമുറയിലെ ക്രാന്തദർശിയായ എഴുത്തുകാരനായിരുന്ന ടി പത്മനാഭനായിരുന്നു അത്. കഥ: 'സാക്ഷി'. യാന്ത്രികതയുടെ കരാളതയിൽ ചതഞ്ഞരയുന്ന പ്രകൃതിയെക്കുറിച്ചായിരുന്നു ആ കഥ. സ്വസ്ഥമായ ഗ്രാമാന്തരീക്ഷത്തിൽ, ഫാക്ടറി പണിയാൻ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും വന്ന ഉദ്യോഗസ്ഥരെയും അവിടെയൊരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന മനുഷ്യരെയുമാണ് 'സാക്ഷി'യിൽ കാണാൻ കഴിയുന്നത്. ചെടികളെയും പൂച്ചകളെയും നായ്ക്കളെയും പ്രമേയമാക്കി ഇത്രയധികം കഥകളെഴുതിയ മറ്റൊരു എഴുത്തുകാരനില്ല. പ്രകൃതി അദ്ദേഹത്തിന്റെ കഥകളിലെ നിറസാന്നിധ്യമായി മാറുകയായിരുന്നു. അദ്ദേഹത്തിന്റെ ഏതാനും ചില കഥകളെ പാരിസ്ഥിതികസൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ ശ്രമിക്കുകയാണിവിടെ. കഥയുടെ പ്രമേയപരമായ പഠനത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

(iv) 'അസ്വസ്ഥരുടെ പൂച്ചെടികൾ', 'മഞ്ഞനിറമുള്ള റോസാപ്പൂവ്'

റോസ്ചെടികൾ വളർത്തുന്നവരുടെ സംഘടനയായ ഇംഗ്ലണ്ടിലെ റോയൽ നാഷണൽ റോസ് സൊസൈറ്റിയിലും അമേരിക്കൻ റോസ് സൊസൈറ്റിയിലും ടി. പത്മനാഭൻ ദീർഘകാലം അംഗമായിരുന്നു. അമേരിക്കയിലെയും യൂറോപ്പിലെയും പ്രധാന റോസ് തോട്ടങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഈ അനുഭവങ്ങളാവാം ഈ കഥകളുടെ രചനയ്ക്ക് അദ്ദേഹത്തിന് പ്രചോദനമായത്.

അനപത്യദുഃഖം അനുഭവിക്കുന്ന ഒരാൾ റോസാപ്പൂക്കളെ ലാളിച്ചുവളർത്തുന്നതിൽ നിർവൃതി കണ്ടെത്തുന്നതിന്റെ കഥകളാണ് പത്മനാഭന്റെ 'അസ്വസ്ഥരുടെ പൂച്ചെടികൾ', 'മഞ്ഞനിറമുള്ള റോസാപ്പൂവ്' എന്നിവ. താൻ വളർത്തുന്ന റോസച്ചെടികൾക്കിടയിൽ ചെലവഴിക്കുന്ന സമയം, അയാളനുഭവിക്കുന്ന മനഃശാന്തി അളവറ്റതാണ്. സന്താനലബ്ധിക്കായി ഭാര്യ ക്ഷേത്രദർശനം നടത്തുമ്പോൾ അയാൾ റോസച്ചെടികളെ പോറ്റി വളർത്തുന്നു. അവ അയാൾക്ക് സാന്ത്വനവും അഭയവുമാണ്. പത്മനാഭന്റെ കഥകളിൽ അടിക്കടി കടന്നുവരുന്ന പ്രകാശം പരത്തുന്ന പെൺകുട്ടികളും ഈ കഥകളിലുണ്ട്. പൂക്കളെമിടുന്നവരായി, മഞ്ഞ റോസാപ്പൂവ് കാണാൻ കൊതിക്കുന്നവരായി. തന്റെ കഥകളിലെ പ്രകൃതിസാന്നിധ്യത്തെ കുറിച്ച് അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "കഥയ്ക്ക് പകിട്ടു നൽകുന്ന തൊങ്ങലായിട്ടല്ല ഞാൻ പ്രകൃതിയെ കണ്ടിട്ടുള്ളത്. പ്രകൃതിയും കഥയിലെ ഒരുപാത്രം തന്നെയാണ്. മുറിച്ചുമാറ്റുവാൻ കഴിയാത്ത,

കഥയുടെ ഭാവവുമായി അത്രമാത്രം ഇഴുകിച്ചേർന്ന ഒരുപാത്രം. ഒരു ഗായകന്റെ ശബ്ദത്തിന് ശ്രുതിഗാംഭീര്യം നൽകുന്ന സാരംഗിപോലെ അത് കഥയിൽ നിലകൊള്ളുന്നു.''

(V) മൃഗവും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം

പ്രകൃതിയെ അമിതമായി ചൂഷണം ചെയ്താൽ അത് നമ്മുടെ നിലനിൽപ്പിന്റെ തന്നെ നാശത്തിന് കാരണമാകും. മൃഗവും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം തകരുന്നത് ഇതിന്റെ പ്രകടരൂപമാണ്. വരണ്ട പുഴയുടെയും ചൂഷണവിധേയമായ പ്രകൃതിയുടെയും പശ്ചാത്തലത്തിൽ തകരുന്ന ഈ പാരസ്പര്യത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന ഒരാളിന്റെ ചിത്രമുണ്ട് ടി. പത്മനാഭന്റെ 'മരിക്കുന്നവർ' എന്ന കഥയിൽ. കഥാനാമം തന്നെ ധ്വനിപ്പിക്കുന്നത് തകർച്ചയുടെ പരകാഷ്ഠയാണ്. ഖനനം മതിയാക്കി മടങ്ങിയ സംഘത്തിലെ അവശേഷിക്കുന്നയാളാണ് കഥ പറയുന്നത്. വരണ്ടപുഴക്കരയിലെ ഉൾനാടൻഗ്രാമത്തിൽ ഏകനായി കഴിയുന്ന അയാൾക്ക് ഒരു ദിവസം അപ്രതീക്ഷിതമായി ഒരതിഥി വന്നെത്തുന്നു. മുറിവേറ്റ ഒരു കാള. ഈച്ചയാർക്കുന്ന മുറിവുകളുള്ള അതിനെ ഉടമസ്ഥന് വേണ്ടാതായിരിക്കുന്നു. ആരോഗ്യവാനായ അവന്റെ കൂട്ടുകാരനെ ഉടമസ്ഥൻ വന്നു കൂട്ടിക്കൊണ്ടുപോയി. ഏതോ പൂർവ്വസ്മൃതിയുടെ കുളിരിൽ മുഴുകി അയാൾ ആ കാളയെ തലോടുന്നു. വെറും ഒരു കാർഷികോപകരണമെന്ന മമതയ്ക്കപ്പുറത്ത് ജീവകാരുണ്യത്തിന്റെ അടിത്തറയുള്ള കന്നുകാലിസ്നേഹത്തിലേക്ക് ഈ കഥ വഴിമാറുകയാണ്.

ഭാരതീയപാരമ്പര്യത്തിൽ കാളകളേക്കാൾ പ്രിയം പശുക്കളോടാണ്. കാമധേനുവും നന്ദിനിയും വൃന്ദാവനത്തിലെ ഗോക്കളും നമ്മുടെ ഭാവനയിൽ നിറഞ്ഞുനിൽക്കുന്നു. ഗ്രാമീണ ജീവിതത്തിൽ പശുക്കളോട് മനുഷ്യൻ ഇന്നും ആത്മബന്ധം പുലർത്തുന്നു. കറവവറ്റിയിട്ടും 'യശോദ'യെ അറവുകാർക്ക് വിൽക്കാതെ സംരക്ഷിക്കുന്ന ഒരമ്മയുടെ ചിത്രമാണ് ടി പത്മനാഭന്റെ 'മനസ്സിന്റെ ഭാരം' എന്ന കഥയിൽ. പ്രവാസികളായ മക്കൾ അമേരിക്കയിലേക്ക് പോകാൻ നിർബന്ധിച്ചിട്ടും ഗ്രാമത്തിലെ പഴയ വീട്ടിൽ യശോദയെയും സംരക്ഷിച്ച് തന്റെ ഓർമ്മകളുമായി കഴിയാൻ തീരുമാനിക്കുന്ന അമ്മ. തന്റെ വീടും യശോദയും താനും മരണത്തിലേക്ക് നടന്നടുക്കുകയാണെന്ന് അവർക്കറിയാമായിരുന്നു. എന്നാൽ തലമുറകളിലൂടെ തനിക്ക് സിദ്ധിച്ച മൂല്യങ്ങൾ കൈവിടാൻ അവർ ഒരുക്കമല്ലായിരുന്നു.

'മനസ്സിന്റെ ഭാരം' എന്ന കഥയുടെ തുടർച്ചയായി നമുക്ക് വായിക്കാൻ കഴിയുന്ന ഒരു കഥയാണ് 'കത്തുന്ന രഥചക്രം.' വ്യവസായ ടൗൺഷിപ്പിലെ ക്വാർട്ടേഴ്സിൽ പാൽ നൽകുന്ന സ്ത്രീയുടെ പശുവിനെ കാണാതെയാകുന്നു. ആ സ്ത്രീയുടെ ദൈന്യം കണ്ടപ്പോൾ അയാൾ സ്വന്തം അമ്മയെ ഓർക്കുന്നു. തന്റെ മക്കളെപ്പോലെയാണ് അമ്മ പശുവിനെ നോക്കിയിരുന്നത്. പണമുണ്ടാക്കാനുള്ള ഉപാധിയായി അവർ പശുവിനെ കണ്ടില്ല. പാൽക്കാരിയുടെ പശുവിനെ അന്വേഷിച്ച് അലയുന്ന അയാൾ ഭാര്യയുടെയും സഹപ്രവർത്തകരുടെയും പരിഹാസത്തിന് പാത്രമാകുന്നു. പക്ഷേ, തന്റെ ശരിയെക്കുറിച്ച് അയാൾക്ക് നല്ല ബോദ്ധ്യമുണ്ടായിരുന്നു. കാരണം അയാൾക്ക് മുൻപേ വഴികാട്ടിയായി ഒരു കത്തുന്ന രഥചക്രം പതുക്കെ നീങ്ങുന്നുണ്ടായിരുന്നു. അത് അയാളുടെ അമ്മ തന്നെയായിരുന്നു.

(vi) ജലസാന്നിദ്ധ്യം പത്മനാഭന്റെ കഥകളിൽ

ജീവന്റെ ഉത്ഭവംതന്നെ ജലത്തിൽനിന്നാണ്. അനാദിയായ സ്നേഹത്തിന്റെ ഈർപ്പമാണ് ജലം. പത്മനാഭന്റെ കഥകളിൽ ജലം ഒരു ചലനാത്മകശക്തിയായി നിലകൊള്ളുന്നു. 'വീട് നഷ്ടപ്പെടുന്നവർ' എന്ന കഥയിലെ പെൺകുട്ടി നഗരത്തിലെ വീട്ടിലിരുന്ന് അമ്മയുടെ ഗ്രാമത്തിൽ വിരുന്നുപോയപ്പോഴത്തെ തരളമായ ബാല്യകാല ഓർമ്മകൾ അയവിറക്കുന്നതിങ്ങനെയാണ്. 'വീട് വളരെ വലുതായിരുന്നു. വീട് നിൽക്കുന്ന പുരയിടവും വലുതായിരുന്നു. പുരയിടത്തിൽ നിറയെ മരങ്ങളുണ്ടായിരുന്നു. പുരയിടത്തിന്റെ ഒരറ്റത്ത്, വലിയ കെട്ടിപ്പടുത്ത നീല ജലം നിറഞ്ഞു നിൽക്കുന്ന ഒരു കുളമുണ്ടായിരുന്നു. അമ്മാവനാണ് കുളം കാണാൻ കൊണ്ടുപോയത്.' അറിഞ്ഞോ അറിയാതെയോ പ്രകൃതി കുട്ടികളുടെ മനസ്സിൽ പാഠങ്ങൾ നിറയ്ക്കുന്നതിന്റെ ചിത്രമാണ് കഥയിലൂടെ കഥാകൃത്ത് വരച്ചുകാട്ടുന്നത്. കുളത്തിലെ വെള്ളത്തിലേയ്ക്ക് കല്ലെടുത്തെറിയാൻ തുനിയുന്ന കുട്ടിയെ അമ്മാവൻ വിലക്കുന്നു. കാരണം അതിൽ ഒരു വരാലും അതിന്റെ കുഞ്ഞുങ്ങളും നീന്തിക്കളിക്കുകയായിരുന്നു. അവ നമ്മെ ശ്രദ്ധിയ്ക്കുന്നുണ്ട് എന്ന് അമ്മാവൻ പറഞ്ഞത്, നീന്തുന്ന തള്ളവരാലിന്റെ കണ്ണിലേയ്ക്ക് നോക്കിയപ്പോൾ കുട്ടിയ്ക്ക് സ്വയം ബോദ്ധ്യപ്പെടുകയായിരുന്നു. കുളവും അവിടത്തെ കാഴ്ചകളും കുട്ടിയുടെ മനസ്സിൽ ഹരിത വിദ്യാഭ്യാസത്തിന്റെ ആരംഭം കുറിയ്ക്കുകയായിരുന്നു.

ജലത്തിന്റെ ഉറവിടമായ മഴ സൃഷ്ടിയുടെ ഉർവ്വരസമൃദ്ധിയുടെ ഭാഗമാണ്. പ്രകൃതിയുടെ ഉർവ്വരതയ്ക്ക് നിദാനം പ്രത്യുല്പാദനത്തിനായുള്ള രതിയാണ്. മഴയത്ത് പ്രകൃതിയിലുണ്ടാകുന്ന ജൈവപരിണാമം മനുഷ്യനിൽ

രതി ഉണരുന്നതുമായി ബന്ധപ്പെടുത്തുന്ന ഒരു കഥാസന്ദർഭം ടി. പത്മനാഭന്റെ 'കടയനല്ലൂരിലെ ഒരു സ്ത്രീ' എന്ന കഥയിലുണ്ട്. ഈ കഥയിലെ ബാലചന്ദ്രന് മഴ സ്വന്തം രതിയുണർച്ചയുടെ നാന്ദിയാണ്. "അങ്ങനെയിരിക്കെ വർഷം വന്നു. ആദ്യം കാറ്റായിരുന്നു. കഠിനമായ കാറ്റ്. ആകാശം മുഴുവൻ പൊടികൊണ്ട് മൂടി. കറുത്ത ഘനീഭവിച്ച മേഘങ്ങൾ ഉരുണ്ടു കൂടിയിരുന്നു. പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരാനന്ദം ബാലചന്ദ്രന്റെ ഹൃദയത്തിൽ കുളിർത്തു. ചെറുപ്പത്തിൽ പഠിച്ച ഒരു കവിത അയാൾ മൂളി. പ്രകൃതി ഒരു പുതിയ ജീവിതത്തിന്റെ പേറ്റുനോവനുഭവിക്കുകയാണ് എന്നതായിരുന്നു അതിന്റെ അർത്ഥം."

മഴയുടെ ശമനശക്തിയെ തിരിച്ചറിയുന്ന ഒരു നല്ല കഥയാണ് പത്മനാഭന്റെ 'ഉച്ചാടനം'. ബോംബെയിൽനിന്നു നാട്ടിലെ ഉൾനാടൻ ആയുർവ്വേദ ചികിത്സാലയത്തിൽ ചികിത്സക്കായി വന്നു താമസിക്കുന്ന മലയാളി ബിസിനസ്സുകാരൻ. മഹാനഗരത്തിന്റെ അശാന്തിയിൽനിന്ന് തനിക്ക് പരിചിതമായ പ്രകൃതിയുടെ മടിത്തട്ടിലേക്ക് പിൻവാങ്ങുകയാണ് അയാൾ. ഔഷധങ്ങൾക്ക് പുറമേ വൃക്ഷനിബിഡമായ കാവിലെ പ്രാർത്ഥനയും ചെണ്ടക്കാരൻ കൊച്ചൂട്ടന്റെ കടപ്പുറത്തുവെച്ചുള്ള ചെണ്ടമേളവും അയാൾക്ക് ശമനോപാധികളാണ്. മഴ ഈ കഥയിൽ ശമനത്തിന്റെ സംഗീതമാണ്. കൊച്ചൂട്ടന്റെ ചെണ്ടയുടെ സംഗീതം പോലെ.

"രാവിലെ എഴുന്നേറ്റപ്പോൾ മഴപെയ്യുന്നുണ്ടായിരുന്നു. അയാൾ അവിടെ വന്നതിനുശേഷമുള്ള ആദ്യത്തെ മഴ. മഴപെയ്യുന്നത് നോക്കി അയാൾ മുറിയിലിരുന്നു. മഴ അയാൾക്ക് എന്നും ഇഷ്ടമായിരുന്നു. നാട്ടിലെ മഴ കണ്ടിട്ടാണെങ്കിൽ കാലമേറെയായിരുന്നു. ഒരിക്കൽ, കൊല്ലങ്ങൾക്ക് മുൻപ് അമേരിക്കയിൽനിന്നു മടങ്ങുമ്പോൾ മഴയുടെ കുറെ കാസറ്റുകൾ കൊണ്ടുവന്നത് അയാൾ ഓർത്തു. മഴയുടെ എല്ലാ ഭാവങ്ങളും ഉൾക്കൊള്ളുന്ന കാസറ്റുകളായിരുന്നു. ആദ്യം പതുക്കെ തുള്ളികളായുള്ള വീഴ്ച. പിന്നീടുള്ള നിന്നുപെയ്യലും അതു കഴിഞ്ഞുള്ള കുത്തിയൊലിക്കലും കാറ്റിന്റെ മൂളൽ, ഇടിവെട്ടിന്റെ കയറ്റവും ഇറക്കവും" മഴ ഇവിടെ സംഗീതമായി മാറുന്നു. ഹിന്ദുസ്ഥാനിസംഗീതത്തിൽ കമ്പമുള്ള ടി. പത്മനാഭന്റെ കഥകളിലെ ഭാഷയ്ക്ക് സംഗീതത്തിന്റെ ഇഴയടുപ്പം ഉള്ളതായി കാണാൻ കഴിയും.

'ഗൗരി'യെന്ന കഥയിൽ പത്മനാഭൻ പുഴയുടെ ഒഴുക്കിനെ ആദിമദ്ധ്യാന്തങ്ങളില്ലാത്ത കാലത്തിന്റെ പ്രതീകമായി പരിവർത്തിപ്പിക്കുന്നു. കാഠ്മണ്ഡുവിലെ പശുപതിനാഥക്ഷേത്രസന്നിധിയിൽ ബാഗ്മതി നദിക്കരയിൽ ഗൗരിയുടെയും കാമുകന്റെയും വർഷങ്ങൾക്കുശേഷമുള്ള

സംഗമം. അവർ നദിയിലേയ്ക്ക് ഇറങ്ങിയപ്പോൾ ചെറിയ ചാറ്റൽ മഴയുണ്ടായിരുന്നു. പക്ഷേ അവർ അതൊന്നും അറിയാതെ നദിയുടെ കരയിലെ കത്തുന്ന ചിതകളിലേയ്ക്ക് നോക്കി മൂകമായി ഇരുന്നു. പുഴ, കാലപ്രവാഹം.... ചിത, ഭൗതിക ശരീരത്തിന്റെ നശ്വരത. ചിതയെരിയൽ പ്രേമത്തിന്റെ അനിവാര്യമായ നശ്വരതയേയും ധ്വനിപ്പിയ്ക്കുന്നു. ഇവിടെ കഥാകൃത്ത് പുഴയെ കാലവുമായും വ്യക്തിജീവിതത്തിന്റെ നശ്വരതയുമായും ബന്ധിപ്പിയ്ക്കുന്നു.

(vii) രൂപഭാവങ്ങൾ മാറിയ പ്രകൃതി

നമുക്കുമുന്നിൽ ദിനംപ്രതി നശിച്ചുകൊണ്ടിരിയ്ക്കുന്ന പ്രകൃതിയെ പുനർജ്ജനിപ്പിയ്ക്കാനുള്ള വ്യഗ്രതയാണ് പത്മനാഭന്റെ 'നളിനകാന്തി' എന്ന കഥയിൽ കാണാൻ കഴിയുന്നത്. റിട്ടയർമെന്റിന് ശേഷം നാട്ടിൽ പുതുതായി പണിതീർത്ത വീട്ടിലേയ്ക്ക് മടങ്ങുന്ന ഒരാൾ. വർഷങ്ങൾ നാടിനേല്പിച്ച ക്ഷതം കണ്ട് അയാൾ നടുങ്ങുന്നു. രണ്ടരികിലും മാവും പ്ലാവും പുളിയും നിന്നിരുന്ന നാട്ടിടവഴി കാണാനില്ല. ചെവിച്ചിപ്പാറയിലേയ്ക്ക് തെച്ചിപ്പൂവ് പറിയ്ക്കാൻപോയ നാട്ടിടവഴി. പാറയുടെ അരികിൽ മുടിയഴിച്ചിട്ടാടുന്ന പനകളും കാണാനില്ല. എവിടെയെങ്കിലും ഒരു മരത്തിന്റെ, അല്ലെങ്കിൽ ഒരു കൊച്ചുചെടിയുടെ, പച്ചപ്പ് കാണാനുണ്ടോ എന്ന് ആകാംക്ഷയോടെ നോക്കി. നിരാശയായിരുന്നു ഫലം. നാട്ടിടവഴി വലിയ റോഡായി മാറിയെന്ന സത്യം അയാൾ തിരിച്ചറിഞ്ഞു. പരിചയമുള്ള ഒരു മനുഷ്യനെയും അയാൾക്കവിടെ കാണാനായില്ല. നഷ്ടപ്പെട്ടതെല്ലാം സ്വപ്നത്തിലൂടെ പുനരുജ്ജീവിപ്പിയ്ക്കാൻ അയാൾ ശ്രമിച്ചു. പച്ചപ്പിന്റെ, സുഗന്ധത്തിന്റെ, കാട്ടുതടാകത്തിന്റെ, ഉദ്യാനത്തിന്റെ, വന്യതയുടെ സ്വപ്നത്തിൽ മുഴുകി ചുറ്റുമുള്ള വരൾച്ചയെ അയാൾ അതിജീവിയ്ക്കുന്നു.

സ്വപ്നത്തിൽനിന്നും യാഥാർത്ഥ്യത്തിലേയ്ക്കുള്ള യാത്രയാണ് പത്മനാഭന്റെ 'ജീവന്റെ വഴി' എന്ന കഥ. ഉദ്യാനമില്ല, കാനനമില്ല, ഇത്തിരിവട്ടമുള്ള വീട്ടുപറമ്പിൽ നട്ടുവളർത്തിയ ഒരു മുരിങ്ങമരം മാത്രം. ഓലേഞ്ഞാലിയും ബുൾബുളും വണ്ണാത്തിപ്പുള്ളുകളും ചപ്പിലക്കിളികളും നിത്യസന്ദർശകരായിരുന്ന മുരിങ്ങമരം. അതിലെ മുരിങ്ങക്കായ സൗഹൃദത്തിന്റെ സന്ദേശവുമായി അയാളുടെ കൂട്ടുകാരുടെ വീടുകളിലെത്തിയിരുന്നു. ഒരുനാൾ മുരിങ്ങ പിളർന്നുവീണപ്പോൾ തകർന്നത് അയാൾക്കും പ്രപഞ്ചത്തിനും ഇടയിൽ നിലനിന്ന പാലമായിരുന്നു. എന്നാൽ കിളികൾ വരാത്ത, കായ്കളില്ലാത്ത, ശിരസ്സുപോയ മുരിങ്ങമരത്തിന്റെ ശൂന്യമായ തടിയിൽനിന്ന് ചില പച്ചക്കിളിർപ്പുകൾ കാണാൻ കഴിയുന്നു. ഹരിതാഭയുടെ ജീവൻ പുനർജ്ജനിയ്ക്കുന്നു. ഗന്ധകപ്പുകയേറ്റ് കരിയുന്ന

പ്രകൃതിയുടെ മൂകസാക്ഷിയായി ഒരാളിന്റെ നിസ്സഹായതയിൽ നിന്ന് പ്രത്യാശയിലേക്കുള്ള ഈ യാത്ര പത്മനാഭന്റെ സർഗ്ഗജീവിതത്തിന്റെ വളർച്ച കൂടിയാണ്.

'പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്' എന്ന കഥയ്ക്ക് കഥാകാരൻ നൽകിയ പേര് വാക്കുകൾക്കപ്പുറം ചില ദൃശ്യങ്ങളിലേയ്ക്ക് നമ്മെ കൊണ്ടെത്തിയ്ക്കുന്നു. ഹെമിങ്‌വേയുടെ അവസാനത്തെ നോവലിന്റെ പുറംചട്ടയാണ് ഈ കഥയെഴുതാനുള്ള പ്രചോദനം. ചിത്രത്തിൽ വൃദ്ധനായ കേണലിന്റെ ക്ഷീണിച്ച മാർത്തട്ടിൽ തലചായ്ച്ച കിടക്കുന്ന ഇറ്റാലിയൻ പ്രഭുകുമാരി. പ്രഭുകുമാരിയ്ക്ക് പുറമേ മരങ്ങൾ ഉണ്ടായിരുന്നു. പക്ഷേ അവ അകലെയായിരുന്നു. അവിടെയെങ്ങും പുഴയുണ്ടായിരുന്നില്ല. പുഴകടന്ന് മരങ്ങളുടെ ഇടയിലേയ്ക്ക് എന്നല്ലേ? എന്നിട്ട് പുഴയെവിടെ? പുഴ കാണാനില്ലല്ലോ?

പ്രകൃതിയുടെ നാശം മനുഷ്യന്റെ നാശമാണെന്നുള്ള തിരിച്ചറിവാണ് കഥ നമുക്കു നൽകുന്നത്. രോഗാതുരനായ തനിയ്ക്ക് അവസാനത്തെ ആക്രമണമായ മരണത്തിൽനിന്നും രക്ഷപ്പെടാൻ കഴിയില്ലല്ലോ, എന്ന് കഥാകൃത്ത് വെളിപ്പെടുത്തുന്നു. മരണത്തോടടുത്തു എന്ന തോന്നലാകാം കഥാകൃത്തിനെ തിരുനെല്ലിയിലേയ്ക്ക് പോകാൻ പ്രേരിപ്പിച്ചത്. മരിച്ചവരുടെ ആത്മാക്കൾക്ക് പിണ്ഡംവെയ്ക്കാൻ പോകുന്ന സ്ഥലമാണ് തിരുനെല്ലി. അവിടെ കാടും പുഴയും ഉണ്ട്. 'മരിച്ചവരുടെ ആത്മാക്കൾക്ക് മാത്രം ശാന്തി ലഭിച്ചാൽ മതിയോ? ജീവിച്ചിരിയ്ക്കുന്നവർക്കും വേണ്ടേ? ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും പിണ്ഡം വെച്ചുകൂടെ? പ്രകൃതി മരിയ്ക്കുമ്പോൾ മനുഷ്യൻ മരിയ്ക്കും എന്ന മുന്നറിയിപ്പാണ് ഈ കഥ നൽകുന്നത്. അതിനാൽ ജീവിച്ചിരിയ്ക്കുമ്പോൾ തന്നെ പ്രകൃതിയ്ക്ക് പിണ്ഡംവെയ്ക്കാൻവേണ്ടി കഥാകൃത്ത് തിരുനെല്ലിയിലേക്ക് പോകുകയാണ്. ഒരിക്കലും കണ്ടിട്ടില്ലാത്ത തിരുനെല്ലിയിലെ കാടുകളും പുഴകളും സ്വപ്നത്തിൽ കണ്ട് അദ്ദേഹം യാത്ര തുടർന്നു.

(viii) ഉപസംഹാരം

മനുഷ്യന്റെയുള്ളിൽനിന്നും പ്രകൃതിയെ കുടിയിറക്കിയതാണ് ഇന്നത്തെ പാരിസ്ഥിതികപ്രതിസന്ധിയുടെ മൂലകാരണം. പ്രകൃതിയിൽ മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ചുള്ള തെറ്റായ അവബോധത്തിൽ നിന്നാണ് പ്രകൃതിയ്ക്ക് മേലയാണ് താനെന്ന ചിന്ത ഉടലെടുക്കുന്നത്. മനുഷ്യൻ പ്രകൃതിയുടെ ഭാഗം മാത്രമാണെന്ന ബോധം ഉണർത്തുന്ന കഥകളാണ് ടി. പത്മനാഭന്റേത്. ജ്ഞാനവും സ്നേഹവും നഷ്ടപ്പെട്ട ആധുനികമനുഷ്യൻ ഈ തിരിച്ചറിവുകൾ ഉൾക്കൊള്ളണം. പാരിസ്ഥിതികപ്രതിസന്ധിയ്ക്ക്

പിന്നിലെ മൂലകാരണങ്ങൾ സങ്കീർണ്ണങ്ങളാണ്. അതുപോലെ തന്നെ പരിഹാരങ്ങളും. പ്രകൃതിയെന്ന മഹാപാഠപുസ്തകത്തെ നാം ഉൾക്കൊള്ളുമ്പോഴും 'പ്രകൃതിയിലേയ്ക്ക് മടങ്ങുക' എന്ന മുദ്രാവാക്യം വിളിയ്ക്കുമ്പോഴും പരിഹരിയ്ക്കപ്പെടുന്നതല്ല ഈ പ്രശ്നം. പാരിസ്ഥിതികസൗന്ദര്യശാസ്ത്രത്തിലധിഷ്ഠിതമായ ടി. പത്മനാഭന്റെ രചനകൾപോലെയുള്ള സാഹിത്യസൃഷ്ടികൾക്ക് പ്രകൃതിചൂഷണത്തിന് എതിരെയുള്ള ചാലകശക്തിയായി മാറാൻ കഴിയട്ടെ എന്ന് നമുക്ക് പ്രത്യാശിയ്ക്കാം.

സഹായകഗ്രന്ഥങ്ങൾ

1. എന്റെ കഥ, എന്റെ ജീവിതം:ടി. പത്മനാഭൻ
2. ടി പത്മനാഭന്റെ കഥകൾ സമ്പൂർണ്ണം: ടി. പത്മനാഭൻ
3. കഥയും പരിസ്ഥിതിയും: ജി. മധുസൂദനൻ
4. പ്രതിരോധങ്ങൾ: ആഷാമേനോൻ
5. ചെറുകഥയുടെ ഛന്ദസ്സ്: വി. രാജകൃഷ്ണൻ
6. ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ: ജി. മധുസൂദനൻ